**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- തൃശ്ശൂർ നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.രാധാകൃഷ്ണൻ സി ആർ-- നിരീക്ഷണ കാലയളവ് ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 1478/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 16.07.2019

---

പരാമർശം : 1. നഗരകാര്യജോയിന്റ് ഡയറക്ടറുടെ 04.05.2019 തിയതിയിലെ ഇ 8-11959/16 നമ്പർ ഉത്തരവ്.

2. നഗരകാര്യ ഡയറക്ടറുടെ 04.05.2019 തിയതിയിലെ ഇ 8-11959/2016 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 23.06.2008 ൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.രാധാകൃഷ്ണൻ സി ആർ, ടി തസ്തികയിലെ നിരീക്ഷണകാലയളവ് 22.06.2010 തീയതിയിൽ പൂർത്തിയായിരുന്നുവെങ്കിലും നിരീക്ഷണകാലയളവ് വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി. പരീക്ഷ വിജയിച്ചിട്ടില്ലാത്തതാണെന്നും ടിയാൾക്ക് 19.07.2013 തീയതിയിൽ 50 വയസ്സ് പൂർത്തിയായിട്ടുള്ളതിനാൽ ടിയാളുടെ നിരീക്ഷണകാലയളവ് 20.07.2013 തീയതിയിൽ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കത്തക്കതരത്തിൽ നിരീക്ഷണകാലയളവ് 21.07.2013 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നതിന് നഗരകാര്യഡയറക്ടർ പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിരുന്നു. 23.06.2008 ൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ടിയാന്റെ നിരീക്ഷണകാലയളവ് എൽ.ഡി.ക്ലർക്ക് തസ്തികയിൽ 2 വർഷ ഡ്യൂട്ടി പൂർത്തിയാകുന്നതിനു തൊട്ടടുത്ത ദിവസം മുതൽ ഒരുവർഷത്തേക്ക് (22.06.2011 വരെ) പരാമർശം 1 പ്രകാരം ദീർഘിപ്പിച്ചിട്ടുള്ളതായും നഗരകാര്യഡയറക്ടർ അറിയിക്കുന്നു

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 23.06.2008 തീയതിയിൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.രാധാകൃഷ്ണൻ സി ആർ, 19.07.2013 തീയതിയിൽ 50 വയസ്സ് പൂർത്തിയാക്കിയിട്ടുള്ളതിനാൽ, കെ.എസ്&എസ്.എസ്.ആർ 1958 ഭാഗം 2 ചട്ടം 13 ബി 4-ാമത്തെ പ്രൊവിസോ പ്രകാരം നിർബന്ധിത വകുപ്പുതല പരീക്ഷകളിൽ (obligatory test) നിന്നും സ്ഥിരമായി ഒഴിവാക്കി, 50 വയസ്സ് പൂർത്തിയായിട്ടുള്ള 19.07.2013 പൂർവ്വാഹ്നം (FN) പ്രാബല്യത്തിൽ ടിയാൻ മറ്റ് വിധത്തിൽ യോഗ്യനാണെങ്കിൽ ടിയാന്റെ നിരീക്ഷണകാലയളവ് വിജയകരമായി പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കുവാൻ സാധിക്കത്തക്കവിധം

ടിയാന്റെ നിരീക്ഷണകാലം നിയമനാധികാരി ദീർഘിപ്പിച്ചു നൽകിയ തീയതിയുടെ തൊട്ടടുത്തദിവസമായ 23.06.2011 മുതൽ 20.07.2013 വരെ കെ.എസ്& എസ്.എസ്.ആർ 1958 ഭാഗം 2 ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ജയ്സി പോൾ**
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീ.രാധാകൃഷ്ണൻ സി ആർ, എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ, തൃശ്ശൂർ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, തൃശ്ശൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ